ഭാരത സർക്കാർ
നിയമ മന്ത്രാലയം

# 1986-ലെ മുസ്ലീം സ്ത്രീകൾ (വിവാഹമോചനത്തിൻമേൽ അവകാശങ്ങൾ സംരക്ഷിക്കൽ) ആക്റ്റ്

**(1986-ലെ 25-ാം ആക്റ്റ്)**

(1988 മാർച്ച് 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The Muslim Women (Protection of Rights on Divorce) Act, 1986

(Act No. 25 of 1986)

(As on 1st March, 1988)

വില :

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്.

1988

# ആമുഖം

1988 മാർച്ച് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1986-ലെ മുസ്ലീം സ്ത്രീകൾ (വിവാഹ മോചനത്തിൻമേൽ അവകാശങ്ങൾ സംരക്ഷിക്കൽ) ആക്റ്റിന്റെ (1986-ലെ 25-ാം ആക്ട്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1988 ആഗസ്റ്റ് 2-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി 32 മുതൽ 36 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരിക പാഠം (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
2-8-1988.

എസ്. രാമയ്യ
ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This edition of the Muslim Women (Protection of Rights on Divorce) Act, 1986 (Act 25 of 1986) as on 1st March, 1988 contains the authorised translation of that Act in Malayalam and the same was published in the Gazette of India Extraordinary Part XI Section I Vol. I No. 1 dated 2nd August 1988 on Pages 32 to 36,

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

New Delhi,
2-8-1988.

S. Ramaiah,
*Secretary to the Government of India.*

3/3297/J.

# 1986-ലെ മുസ്ലീം സ്ത്രീകൾ (വിവാഹമോചനത്തിൻമേൽ അവകാശങ്ങൾ സംരക്ഷിക്കൽ) ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | മുസ്ലീം സ്ത്രീയുടെ മഹറും മററു വസ്തുക്കളും വിവാഹബന്ധം വേർപെടുത്തുന്ന സമയം അവൾക്ക് കൊടുക്കണമെന്ന്. | 1 |
| 4. | സംരക്ഷണച്ചെലവ് നൽകുന്നതിനുള്ള ഉത്തരവ് | 3 |
| 5. | 1974-ലെ 2-ാം ആക്ററ് 125 മുതൽ 128 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയരായിരിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കൽ | 4 |
| 6. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 4 |
| 7. | ഇടക്കാല വ്യവസ്ഥകൾ | 5 |

# 1986-ലെ മുസ്ലീം സ്ത്രീകൾ (വിവാഹമോചനത്തിൻമേൽ അവകാശങ്ങൾ സംരക്ഷിക്കൽ) ആക്ററ്

(1986—ലെ 25—ാം ആക്ററ്)

(1988 മാർച്ച് 1-ാം തീയതിവരെ ഭേദഗതി ചെയ്തപ്രകാരം)

[1986 മേയ് 19]

ഭർത്താവ് വിവാഹബന്ധം വേർപെടുത്തിയവരോ ഭർത്താവിൽനിന്ന് വിവാഹമോചനം നേടിയവരോ ആയ മുസ്ലീം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവും ആയ കാര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനും ഉള്ള ആക്ററ്.

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയേഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

ചുരുക്കപ്പേരും വ്യാപ്തിയും.

1. (1) ഈ ആക്ററിന് 1986—ലെ മുസ്ലീം സ്ത്രീകൾ (വിവാഹമോചനത്തിൻമേൽ അവകാശങ്ങൾ സംരക്ഷിക്കൽ) ആക്ററ് എന്ന് പേരു പറയാവുന്നതാണ്.

(2) ഇതിന് ജമ്മു—കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

നിർവചനങ്ങൾ.

2. ഈ ആക്ററിൽ, സന്ദർഭത്തിൽ മറ്റൊരർത്ഥം ആവശ്യമായിത്തീരുന്നിടത്തൊഴികെ,—

(ക) "വിവാഹമോചനം നേടിയ സ്ത്രീ" എന്നാൽ, മുസ്ലീം നിയമപ്രകാരം വിവാഹിതയാകുകയും മുസ്ലീം നിയമത്തിന് അനുസൃതമായി ഭർത്താവ് വിവാഹബന്ധം വേർപെടുത്തുകയോ ഭർത്താവിൽനിന്ന് വിവാഹമോചനം നേടുകയോ ചെയ്തതും ആയ ഒരു മുസ്ലീംസ്ത്രീ എന്നർത്ഥമാകുന്നു;

(ഖ) "ഇദ്ദത്ത് കാലയളവ്" എന്നാൽ, വിവാഹബന്ധം വേർപെടുത്തിയ ഒരു സ്ത്രീയുടെ സംഗതിയിൽ,—

(i) അവളുടെ ആർത്തവം നിലച്ചിട്ടില്ലാത്തപക്ഷം, വിവാഹബന്ധം വേർപെടുത്തിയ തീയതിക്ക് ശേഷം മൂന്നു ആർത്തവകാലം എന്നും;

(ii) അവളുടെ ആർത്തവം നിലച്ചിട്ടുള്ള പക്ഷം, വിവാഹബന്ധം വേർപെടുത്തിയശേഷം മൂന്നു ചാന്ദ്രമാസം എന്നും;

(iii) വിവാഹബന്ധം വേർപെടുത്തിയ സമയം അവൾ ഗർഭിണിയായിരുന്നപക്ഷം, വിവാഹബന്ധത്തിന്റെ വേർപെടുത്തലിനും കുട്ടിയുടെ ജനനം അഥവാ ഗർഭംഅവസാനിപ്പിക്കലിനും ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിനും ഇടയിലുള്ള കാലയളവ് എന്നും;

അർത്ഥമാകുന്നു;

(ഗ) "മജിസ്ട്രേററ്" എന്നാൽ, വിവാഹബന്ധം വേർപെടുത്തിയ സ്ത്രീ താമസിക്കുന്ന പ്രദേശത്ത് 1973—ലെ ക്രിമിനൽ നടപടി നിയമസംഹിത അനുസരിച്ച് അധികാരിതയുള്ള ഒന്നാം ക്ലാസ് മജിസ്ട്രേററ് എന്ന് അർത്ഥമാകുന്നു; 1974-ലെ 2

(ഘ) "നിർണ്ണയിച്ചിട്ടുള്ള" എന്നാൽ, ഈ ആക്ററ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ വഴി നിർണ്ണയിച്ചിട്ടുള്ള എന്ന് അർത്ഥമാകുന്നു.

മുസ്ലീം സ്ത്രീയുടെ മഹറും മററു വസ്തുക്കളും വിവാഹബന്ധം വേർപെടുത്തുന്ന സമയം അവൾക്ക് കൊടുക്കണമെന്ന്

3. (1) തത്സമയം പ്രാബല്യത്തിൽ ഇരിക്കുന്ന മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിവാഹബന്ധം വേർപെടുത്തിയ സ്ത്രീക്ക്—

(ക) ഇദ്ദത്ത് കാലയളവിൽ തന്റെ മുൻഭർത്താവിൽ നിന്ന് ന്യായവും ഉചിതവും ആയ ജീവിത സൗകര്യങ്ങളും സംരക്ഷണച്ചെലവും ലഭിക്കുന്നതിനും;

(ഖ) വിവാഹബന്ധം വേർപെടുത്തുന്നതിനുമുൻപും അതിനുശേഷവും ഉണ്ടായ കുട്ടികളെ അവരം തന്നെ സംരക്ഷിക്കുന്നിടത്ത്, അങ്ങനെയുള്ള കുട്ടികളുടെ ജനനത്തീയതിതൊട്ട്, യഥാക്രമം, രണ്ടു വർഷത്തേക്ക് മുൻഭർത്താവിൽനിന്ന് ന്യായവും ഉചിതവും ആയ ജീവിതസൗകര്യങ്ങളും സംരക്ഷണച്ചെലവും ലഭിക്കുന്നതിനും;

(ഗ) മുസ്ലീം നിയമപ്രകാരം അവളുടെ വിവാഹസമയത്തോ അതിനുശേഷം ഏതെങ്കിലും സമയത്തോ അവരംക്ക് കൊടുക്കാമെന്ന് സമ്മതിച്ചിരുന്ന മഹറിനോ ഡവറിനോ തുല്യമായ തുക ലഭിക്കുന്നതിനും;

(ഘ) അവളുടെ വിവാഹത്തിനു മുൻപോ വിവാഹസമയത്തോ വിവാഹത്തിനുശേഷമോ, അവളുടെ ബന്ധുക്കളും സുഹൃത്തുക്കളും, അഥവാ അവളുടെ ഭർത്താവും ഭർത്താവിന്റെ ബന്ധുക്കളും സുഹൃത്തുക്കളും, അവരംക്ക് നൽകിയ എല്ലാ വസ്തുക്കളും ലഭിക്കുന്നതിനും,

അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിവാഹമോചനം നേടിയ ഒരു സ്ത്രീക്ക് വിവാഹബന്ധം വേർപെടുത്തുന്നതിൻമേൽ ന്യായവും ഉചിതവുമായ ജീവിതസൗകര്യങ്ങളും സംരക്ഷണച്ചെലവും നല്കാതിരിക്കുകയോ അവരംക്കു ലഭിക്കേണ്ട മഹറിന്റെ അഥവാ ഡവറിന്റെ തുക നല്കാതിരിക്കുകയോ (1)—ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പറയുന്ന വസ്തുക്കരം ഏല്പിക്കാതിരിക്കുയോ, ചെയ്യുന്നിടത്ത്, അവരംക്കോ അവരംക്കുവേണ്ടി, യഥാവിധി അവരം അധികാരപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും ആളിനോ അങ്ങനെയുള്ള ജീവിതസൗകര്യങ്ങളും സംരക്ഷണച്ചെലവും നല്കുന്നതിനോ മഹറിന്റെ അഥവാ ഡവറിന്റെ തുക നല്കുന്നതിനോ, വസ്തുക്കരം ഏല്പിച്ചുകൊടുക്കുന്നതിനോ വേണ്ടിയുള്ള ഒരുത്തരവിനായി, അതതു സംഗതി പോലെ, മജിസ്ട്രേററ് മുൻപാകെ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(3) വിവാഹമോചനം നേടിയ ഒരു സ്ത്രീ (2)—ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളിടത്ത്, മജിസ്ട്രേററിന്,—

(ക) അവളുടെ ഭർത്താവിന് വേണ്ടത്ര സാമ്പത്തികശേഷി ഉണ്ടായിരിക്കെ, ഇദ്ദത്ത് കാലയളവിൽ അവരംക്കും കുട്ടികരംക്കും വേണ്ട ന്യായവും ഉചിതവും ആയ ജീവിതസൗകര്യങ്ങളും സംരക്ഷണച്ചെലവും നൽകിയിട്ടില്ലെന്നോ അതു നൽകുന്നതിൽ ഉപേക്ഷ കാണിച്ചിട്ടുണ്ടെന്നോ;

(ഖ) മഹറിനോ ഡവറിനോ തുല്യമായ തുക നൽകിയിട്ടില്ലെന്നോ അല്ലെങ്കിൽ (1)—ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വസ്തുക്കരം അവളെ ഏല്പിച്ചിട്ടില്ലെന്നോ,

ബോദ്ധ്യമാകുന്നപക്ഷം, അപേക്ഷ ഫയൽ ചെയ്ത തീയതി തൊട്ട് ഒരു മാസത്തിനകം വിവാഹബന്ധം വേർപെടുത്തിയ സ്ത്രീയുടെ ആവശ്യങ്ങളും വിവാഹബന്ധം നിലനിൽക്കുന്ന കാലത്തെ അവളുടെ ജീവിതനിലവാരവും അവളുടെ മുൻഭർത്താവിന്റെ സാമ്പത്തിക ശേഷിയും കണക്കിലെടുത്തുകൊണ്ട് യുക്തവും അർഹവുമെന്ന് അദ്ദേഹം നിശ്ചയിക്കുന്ന ന്യായവും ഉചിതവും ആയ ജീവിതസൗകര്യങ്ങളും, സംരക്ഷണച്ചെലവും വിവാഹബന്ധം വേർപെടുത്തിയ സ്ത്രീക്ക് നൽകുന്നതിന് മുൻഭർത്താവിന് നിർദ്ദേശം നൽകിക്കൊണ്ടോ മഹറിന്റെയോ ഡവറിന്റെയോ തുക നൽകുന്നതിനോ, (1)—ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വസ്തുക്കരം ഏല്പിക്കുന്നതിനോ, അതതു സംഗതിപോലെ, ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

എന്നാൽ മേൽപറഞ്ഞ കാലയളവിനകം അപേക്ഷയിൻമേൽ തീരുമാനം എടുക്കുന്നത് പ്രായോഗികമല്ലെന്ന് മജിസ്ട്രേററിന് തോന്നുന്ന പക്ഷം, ആ കാലയളവിനുശേഷം, കാരണങ്ങരം രേഖപ്പെടുത്തിക്കൊണ്ട്, അപേക്ഷയിൻമേൽ തീരുമാനം എടുക്കാവുന്നതാണ്.

(4) (3)—ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും ആരംക്ക് എതിരായി പുറപ്പെടുവിച്ച ഒരു ഉത്തരവ് മതിയായ കാരണം കൂടാതെ അയാരം പാലിക്കാതിരിക്കുകയാണെങ്കിൽ, മജിസ്ട്രേററിന്, പിഴ ഈടാക്കുന്നതിന് 1973—ലെ ക്രിമിനൽ

നടപടി നിയമ സംഹിതയിൽ വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ സംരക്ഷണച്ചെലവിനുള്ള തുകയും ലഭിക്കേണ്ട മഹറിന്റെയോ ഡവറിന്റെയോ തുകയും ഈടാക്കുന്നതിന് വാറണ്ട് പുറപ്പെടുവിക്കാവുന്നതും, വാറണ്ട് നടപ്പാക്കിയശേഷം കൊടുത്തുതീരാതെ അവശേഷിക്കുന്ന മുഴുവൻ തുകയ്ക്കോ അതിന്റെ ഒരു ഭാഗത്തിനോ അങ്ങനെയുള്ള ആളെ ഒരു വർഷം വരെ ആകാവുന്ന തടവിനോ തുക നേരത്തേ കൊടുത്തു തീർക്കുകയാണെങ്കിൽ അങ്ങനെ കൊടുത്തു തീർക്കുന്നതുവരെയുള്ള കാലയളവിലെ തടവിനോ ശിക്ഷിക്കാവുന്നതും, ഇത് മേൽപറഞ്ഞ നിയമസംഹിതയിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ള ആളിന്റെ പ്രതിവാദം കേൾക്കുന്നതിനും ശിക്ഷചുമത്തുന്നതിനും വിധേയമായിരിക്കുന്നതും ആകുന്നു.

സംരക്ഷണച്ചെലവ് നൽകുന്നതിനുള്ള ഉത്തരവ്

4. (1) ഈ ആക്റ്റിലെ വ്യവസ്ഥകളിലോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും വിവാഹമോചനം നേടിയ ഒരു സ്ത്രീ പുനർവിവാഹം നടത്തിയിട്ടില്ലെന്നും ഇദ്ദത്ത് കാലയളവിനുശേഷം തന്റെ സംരക്ഷണച്ചെലവ് വഹിക്കാൻ അവൾക്ക് കഴിവില്ലെന്നും മജിസ്ട്രേറ്റിന് ബോദ്ധ്യമാകുന്നിടത്ത്, അവളുടെ മരണത്തിൻമേൽ മുസ്ലീം നിയമമനുസരിച്ച് അവളുടെ വസ്തുക്കൾ ലഭിക്കാൻ അവകാശമുള്ള ബന്ധുക്കളോട് വിവാഹമോചനംനേടിയ സ്ത്രീയുടെ ആവശ്യങ്ങളും വിവാഹം നിലവിലിരുന്ന കാലത്തെ അവളുടെ ജീവിത നിലവാരവും ബന്ധുക്കളുടെ സാമ്പത്തികശേഷിയും കണക്കിലെടുത്തുകൊണ്ട് യുക്തവും അർഹവുമെന്നു അദ്ദേഹം നിശ്ചയിക്കുന്ന ന്യായവും ഉചിതവുമായ സംരക്ഷണച്ചെലവ് അവൾക്ക് നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, അങ്ങനെയുള്ള സംരക്ഷണച്ചെലവ് അവളുടെ വസ്തുക്കൾ ഏതു അനുപാതത്തിൽ ബന്ധുക്കൾക്ക് ലഭിക്കുമായിരുന്നുവോ ആ അനുപാതത്തിലും ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയങ്ങളിലും അവർ അവൾക്ക് കൊടുക്കേണ്ടതും ആകുന്നു;

എന്നാൽ അങ്ങനെയുള്ള വിവാഹമോചനംനേടിയ സ്ത്രീക്ക് മക്കൾ ഉള്ളപക്ഷം, മജിസ്ട്രേറ്റ് അവൾക്ക് സംരക്ഷണച്ചെലവ് കൊടുക്കാൻ മക്കളോട് മാത്രം ആജ്ഞാപിക്കേണ്ടതും മക്കൾക്ക് അപ്രകാരം സംരക്ഷണച്ചെലവ് കൊടുക്കാൻ കഴിവില്ലാത്തപക്ഷം, വിവാഹമോചനം നേടിയ സ്ത്രീയുടെ മാതാപിതാക്കളോട് അവൾക്ക് സംരക്ഷണച്ചെലവ് കൊടുക്കാൻ ആജ്ഞാപിക്കേണ്ടതും ആകുന്നു:

എന്നുമാത്രമല്ല മാതാപിതാക്കളിൽ ആർക്കെങ്കിലും, സാമ്പത്തികശേഷിയില്ല എന്ന കാരണംകൊണ്ട് മജിസ്ട്രേറ്റ് ഉത്തരവായ സംരക്ഷണച്ചെലവിന്റെ വീതം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ, കഴിവില്ലായ്മ സംബന്ധിച്ച തെളിവ് ഹാജരാക്കുന്നതിൻമേൽ, മജിസ്ട്രേറ്റിന്, ഉത്തരവായ സംരക്ഷണച്ചെലവിൽ ഈ ബന്ധുക്കൾ കൊടുക്കേണ്ടിയിരുന്ന വീതം, സംരക്ഷണച്ചെലവു കൊടുക്കാൻ സാമ്പത്തികശേഷിയുണ്ടെന്നു മജിസ്ട്രേറ്റിന് തോന്നുന്ന മററു ബന്ധുക്കൾ, അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന അനുപാതത്തിൽ, കൊടുക്കാൻ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) വിവാഹമോചനം നേടിയ സ്ത്രീക്കു സ്വയം സംരക്ഷിക്കുന്നതിനു കഴിവില്ലാതിരിക്കുകയും (1)–ാം ഉപവകുപ്പിൽ പറയുന്ന തരത്തിലുള്ള ബന്ധുക്കൾ ഇല്ലാതിരിക്കുകയോ അങ്ങനെയുള്ള ബന്ധുക്കൾക്കോ അവരിൽ ഏതെങ്കിലും ആൾക്കോ മജിസ്ട്രേറ്റ് ഉത്തരവായ സംരക്ഷണച്ചെലവു കൊടുക്കാൻ വേണ്ടത്ര സാമ്പത്തികശേഷി ഇല്ലാതിരിക്കുകയോ (1)–ാം ഉപവകുപ്പ് രണ്ടാം പരിമിതി വ്യവസ്ഥപ്രകാരം മററു ബന്ധുക്കൾ കൊടുക്കണമെന്ന് മജിസ്ട്രേറ്റ് ഉത്തരവായ ബന്ധുക്കളുടെ വീതം കൊടുക്കാൻ അവർക്കു സാമ്പത്തികമായ കഴിവില്ലാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്തു, മജിസ്ട്രേറ്റിന് ഉത്തരവുവഴി 1954–ലെ വക്കഫ് ആക്റ്റ് 9–ാം വകുപ്പുപ്രകാരമോ സംസ്ഥാനത്തു തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ സ്ഥാപിച്ചിട്ടുള്ളതും ആ സ്ത്രീ നിവസിക്കുന്ന പ്രദേശത്ത് പ്രവർത്തിക്കുന്നതും ആയ സംസ്ഥാന വക്കഫ് ബോർഡിനോട് ഉത്തരവിൽ പറയുന്ന സമയങ്ങളിൽ (1)–ാം ഉപവകുപ്പുപ്രകാരം മജിസ്ട്രേറ്റ് നിശ്ചയിച്ച സംരക്ഷണച്ചെലവു കൊടുക്കുന്നതിനോ തങ്ങളുടെ വീതം കൊടുക്കാൻ കഴിവില്ലാത്ത ബന്ധുക്കളുടെ വീതം കൊടുക്കുന്നതിനോ, അതതു സംഗതിപോലെ, നിർദ്ദേശിക്കാവുന്നതാണ്.

1954–ലെ 29.

1974-ലെ 2-ാം ആക്റ്റ് 125 മുതൽ 128 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയരായിരിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കൽ 1974-ലെ 2

5. 3-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ആദ്യവിചാരണനടക്കുന്ന തീയതി വിവാഹമോചനം നേടിയ സ്ത്രീയും അവളുടെ മുൻഭർത്താവും സത്യവാങ്മൂലംവഴിയോ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ രേഖാമൂലം നടത്തുന്ന മറേറതെങ്കിലും പ്രസ്താവനവഴിയോ, കൂട്ടായോ വെവ്വേറെയായോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 125 മുതൽ 128 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയരായിരിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നു എന്ന് വ്യക്തമാക്കുകയും അപേക്ഷ സംബന്ധിച്ച വിചാരണ നടത്തുന്ന കോടതിയിൽ അങ്ങനെയുള്ള സത്യവാങ്മൂലവും പ്രസ്താവനയും ഫയൽ ചെയ്യുകയും ചെയ്യുന്നപക്ഷം, മജിസ്ട്രേററ് അതനുസരിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ''അപേക്ഷസംബന്ധിച്ച ആദ്യ വിചാരണ നടക്കുന്ന തീയതി'' എന്നാൽ അപേക്ഷയിലെ എതിർകക്ഷി ഹാജരാകുന്നതിന് സമൻസിൽ നിശ്ചയിച്ചിട്ടുള്ള തീയതി എന്ന് അർത്ഥമാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

6. (1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിനു ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ—

(ക) 5-ാം വകുപ്പുപ്രകാരം ഫയൽ ചെയ്യേണ്ട സത്യവാങ്മൂലത്തിന്റെയും രേഖാമൂലമായ മററുപ്രസ്താവനയുടെയും ഫാറം;

(ഖ) അപേക്ഷകളിലെ കക്ഷികൾക്കു നോട്ടീസ് നടത്തുന്നതും അപേക്ഷകൾ സംബന്ധിച്ച കേസ് വിചാരണനടത്തുന്ന തീയതിയും മററു കാര്യങ്ങളും ഉൾപ്പെടെ ഈ ആക്ററ് പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് മജിസ്ട്രേററ് സ്വീകരിക്കേണ്ട നടപടിക്രമം;

(ഗ) നിർണ്ണയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതോ നിർണ്ണയിക്കാവുന്നതോ ആയ മററു കാര്യങ്ങൾ,

ഇവ സംബന്ധിച്ച് വ്യവസ്ഥചെയ്യാവുന്നതാണ്.

(3) ഈ ആക്ററുപ്രകാരം ഉണ്ടാക്കുന്ന ഏതൊരുചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗം, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്കു വയ്ക്കേണ്ടതും മേൽപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപു ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അഥവാ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ അതിനുശേഷം ആ ചട്ടത്തിനു, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലും പ്രാബല്യമില്ലാതാക്കലും ആ ചട്ടപ്രകാരം മുമ്പു ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്തവിധത്തിൽ ആയിരിക്കുന്നതാണ്.

ഇടക്കാല വ്യവസ്ഥകം
1974–ലെ 2

7. വിവാഹമോചനം നേടിയ ഒരു സ്ത്രീ 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 125–ാം വകുപ്പോ 127–ാം വകുപ്പോ പ്രകാരം സമർപ്പിച്ചിട്ടുള്ളതും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന സമയം ഒരു മജിസ്ട്രേറ്റ് മുമ്പാകെ നിലവിലിരിക്കുന്നതും ആയ ഏതൊരു അപേക്ഷയും, ആ നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി എന്നാൽ ഈ ആക്റ്റ് 5–ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായും, അങ്ങനെയുള്ള മജിസ്ട്രേറ്റ് തീർപ്പാക്കേണ്ടതാണ്.

---